# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1970

04.10.2011-ൽ മറുപടിക്ക്.

### ആഗോള നിക്ഷേപ സംഗമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. സി.പി. മുഹമ്മദ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനായി ഒരു ആഗോള നിക്ഷേപ സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. |
| (ബി) ഇത് എവിടെയാണ് നടത്താൻ ഉദ്ദേശിക്കുന്നത് ; | (ബി) കൊച്ചിയിൽ വച്ചാണ് ആഗോള നിക്ഷേപ സംഗമം നടത്താൻ ഉദ്ദേശിച്ചിരിക്കുന്നത്. |
| (സി) ഇത് എന്ന് നടത്താനാകും ; | (സി) 2012 ഏപ്രിൽ 19, 20, 21 എന്നീ തീയതികളിലാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) ഇതിന്റെ നടത്തിപ്പിനായി കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ടോ ; എങ്കിൽ ആരെല്ലാം ; | (ഡി) എമർജിംഗ് കേരള പദ്ധതിയുടെ നടത്തിപ്പിനായി ഒരു ഉന്നതാധികാര സമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്ന 27 അംഗങ്ങളാണുള്ളത്.<br>1. മുഖ്യമന്ത്രി - ചെയർമാൻ.<br>2. വ്യവസായ വകുപ്പ് മന്ത്രി - വൈസ് ചെയർമാൻ.<br>3. കൗൺസിലിലെ എല്ലാ മന്ത്രിമാരും - അംഗങ്ങൾ.<br>4. വൈസ് ചെയർമാൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് - അംഗം.<br>5. ചീഫ് സെക്രട്ടറി - അംഗം.<br>6. അഡിഷണൽ ചീഫ് സെക്രട്ടറി (I&C) - അംഗം.<br>7. അഡിഷണൽ ചീഫ് സെക്രട്ടറി (റവന്യൂ) - അംഗം.<br>8. പ്രിൻസിപ്പൽ സെക്രട്ടറി (ധന വകുപ്പ്) - അംഗം. |

9. പ്രിൻസിപ്പൽ സെക്രട്ടറി (ഐ.റ്റി) - അംഗം.
10. പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) - അംഗം.
11. പ്രിൻസിപ്പൽ സെക്രട്ടറി (ഉന്നത വിദ്യാഭ്യാസം) - അംഗം.
12. പ്രിൻസിപ്പൽ സെക്രട്ടറി (ഗതാഗതം) - അംഗം.
13. സെക്രട്ടറി (നിയമം) - അംഗം.
14. സെക്രട്ടറി (ടൂറിസം) - അംഗം.
15. സെക്രട്ടറി (ജലവിഭവം) - അംഗം.
16. സെക്രട്ടറി (LSGD-UD) - അംഗം.
17. സെക്രട്ടറി (നോർക്ക) - അംഗം.
18. സെക്രട്ടറി (തുറമുഖം) - അംഗം.
19. ശ്രീ.എം.എ.യൂസഫലി, വൈസ് ചെയർമാൻ, നോർക്ക് റൂട്ട്സ് - അംഗം.
20. ചെയർമാൻ, കെ.എസ്.ഐ.ഡി.സി - അംഗം.
21. ചെയർമാൻ, കെ.എസ്.ഇ.ബി - അംഗം.
22. ചെയർമാൻ, റിയാബ് - അംഗം.
23. സെക്രട്ടറി (പവർ) - അംഗം.
24. ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ് - അംഗം.
25. മാനേജിംഗ് ഡയറക്ടർ, കിൻഫ്ര - അംഗം.
26. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി - കൺവീനർ.
27. ശ്രീ.തരുൺ ദാസ്, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് - അംഗം.

കൂടാതെ അതാത് വകുപ്പുമന്ത്രിമാരുടെ കീഴിലുള്ള പദ്ധതി നിർവ്വഹണ സമിതിയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും രൂപീകരിച്ചു വരുന്നു.

(ഇ) ആരെയാണ് ഇതിന്റെ നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത് ?

(ഇ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)--യെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ